# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1048      01/03/2017-ൽ മറുപടിയ്ക്ക്

**ദേശീയ സംസ്ഥാന പാതകളിൽ മദ്യവിൽപ്പനശാലകൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | | ശ്രീ. ടി.പി.രാമകൃഷ്ണൻ (തൊഴിലും, എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ദേശീയ സംസ്ഥാന പാതകളിൽ മദ്യവിൽപ്പനശാലകൾ നിരോധിച്ചുകൊണ്ടുള്ള സുപ്രീംകോടതി വിധിയിൽ കൂടുതൽ വ്യക്തത വേണമെന്നാവശ്യപ്പെട്ട് സംസ്ഥാന സർക്കാർ സുപ്രീം കോടതിയെ സമീപിച്ചിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) എങ്കിൽ എന്തൊക്കെ കാര്യങ്ങളിൽ വ്യക്തത വേണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്; <br>(സി) കള്ള്, ബിയർ, വൈൻ എന്നിവയെ മദ്യത്തിന്റെ നിർവചനത്തിൽ നിന്ന് ഒഴിവാക്കണമെന്ന് സർക്കാർ സുപ്രീം കോടതിയിൽ ആവശ്യപ്പെടുകയുണ്ടായോ; <br>(ഡ) എങ്കിൽ ഇതിനെതിരെ ജനരോഷം ഉയർന്നുവന്നതായി സർക്കാറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പുനഃപരിശോധിക്കുമോ; വിശദാംശങ്ങൾ നൽകുമോ? | (ബി)യും (സി)യും (ഡി)യും | സംസ്ഥാന സർക്കാർ അനുവദിക്കുന്ന FL ലൈസൻസുകളിൽ ഏതൊക്കെ വിഭാഗം ലൈസൻസുകൾ സുപ്രീംകോടതി വിധിയുടെ പരിധിയിൽ ഉൾപ്പെടും എന്നകാര്യത്തിൽ അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു. തുടർന്ന് അഡ്വക്കേറ്റ് ജനറലിന്റെ നിർദ്ദേശപ്രകാരം വിധിയിൽ വ്യക്തത ആവശ്യപ്പെട്ട് സ്റ്റാൻഡിംഗ് കൗൺസിൽ സുപ്രീം കോടതിയിൽ ഹർജ്ജി സമർപ്പിക്കുകയുണ്ടായി. സ്റ്റാൻഡിംഗ് കൗൺസിൽ സ്വന്തം നിലയ്ക്ക് തയ്യാറാക്കി ഫയൽ ചെയ്ത പ്രസ്തുത ഹർജ്ജിയിൽ സർക്കാർ വ്യക്തത വരുത്തുവാൻ ഉദ്ദേശിച്ച |

FL ലൈസൻസുകളുടെ കാര്യം
പരാമർശിച്ചിരുന്നില്ല.
അതേസമയം മദ്യത്തിന്റെ
നിർവ്വചനവുമായി ബന്ധപ്പെട്ട
ആവശ്യം ഹർജ്ജിയിൽ
ഉൾപ്പെടുകയും ചെയ്തു.
ഹർജ്ജിയിൽ വസ്തുതാപരമായ
പിശക് സംഭവിച്ചതായി
കണ്ടെത്തിയതിനെ തുടർന്ന് ടി
ഹർജ്ജി പിൻവലിക്കുകയുണ്ടായി.
തുടർന്ന് ഈ വിഷയത്തിൽ
അറ്റോർണി ജനറലിന്റെ
അഭിപ്രായം ആരായുന്നതിന്
നടപടി സ്വീകരിച്ചിട്ടുണ്ട്.

Sreeden

സെക്ഷൻ ഓഫീസർ